LIBRARY ARCHIVES Kerala Legislative Assembly

വിനോദസഞ്ചാരികളിൽ നിന്നുള്ള വരുമാനം

102 [1788] ശ്രീ. കോവൂർ കുഞ്ഞുമോൻ:
" എ. എ. അസീസ്: താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദേശികളും സ്വദേശികളുമായി എത്ര വിനോദസഞ്ചാരികൾ സംസ്ഥാനത്ത് എത്തിയെന്നും അതിലൂടെ എന്ത് വരുമാനം ലഭ്യമായി എന്നും വ്യക്തമാക്കുമോ?

ഉത്തരം

2003-ൽ (നവംബർ മാസം വരെ) കേരളം സന്ദർശിച്ച വിദേശ, സ്വദേശ വിനോദസഞ്ചാരികളുടെ എണ്ണവും ഇതിലൂടെ ലഭിച്ച ഏകദേശ വരുമാനവും താഴെ പറയുന്നു.

വിനോദ സഞ്ചാരികൾ	എണ്ണം	പ്രത്യക്ഷ വരുമാനം (രൂപ കോടിയിൽ)
വിദേശം	251158	820
സ്വദേശം	5227719	3110

തുഷാരഗിരിയിൽ വികസന പദ്ധതികൾ ആരംഭിക്കുവാൻ നടപടി

103 [1789] ശ്രീ. സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാറിലെ പ്രശസ്ത ടൂറിസ്റ്റ് കേന്ദ്രമായ തുഷാരഗിരിയുമായി ബന്ധപ്പെടുത്തി എൻ.എച്ച്. 212-ലെ അടിവാരത്തുനിന്ന് തുടങ്ങി കെ.ടി.എം.എ.ഇ. സ്റ്റേറ്റ് ഹൈവേയിലെ ഓമശ്ശേരിയിലെത്തുന്ന റോഡ് ടൂറിസം റോഡായി വികസിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ധാരാളം സ്വദേശി-വിദേശി ടൂറിസ്റ്റുകൾ ദിവസവും എത്തുന്ന തുഷാരഗിരിയിൽ ടൂറിസം ഗസ്റ്റ് ഹൗസ് നിർമ്മിക്കുന്നതുൾപ്പെടെയുള്ള വികസന പദ്ധതികൾക്ക് മുന്തിയ പരിഗണന നൽകുമോ?

ഉത്തരം

(എ) വിഭവലഭ്യതയനുസരിച്ച് പരിഗണിക്കാവുന്നതാണ്.